# വയോധികരുടെ സാമൂഹിക-സാമ്പത്തിക പ്രശ്നങ്ങൾ: ഇന്ത്യൻ പശ്ചാത്തലത്തിൽ

മുതിർന്നവരെ ശ്രദ്ധിക്കുകയും ആദരിക്കുകയും ചെയ്തിരുന്ന പാരമ്പര്യമായിരുന്നു നമ്മുടേത്. മുമ്പ് ഇവിടെ നിലനിന്നിരുന്ന കൂട്ടുകുടുംബ വ്യവസ്ഥയിൽ നമ്മുടെ വയോധികർ ഏറെ സുരക്ഷിതരായിരുന്നു. എന്നാൽ നമ്മുടെ പരമ്പരാഗത സങ്കല്പങ്ങളെ മാറ്റി മറിച്ച ആധുനികവത്കരണം, വ്യവസായവത്കരണം, നഗരവത്കരണം, വിദ്യാഭ്യാസരംഗത്തെ വളർച്ച എന്നിവയെല്ലാം മുതിർന്നവരോടുള്ള ചെറുപ്പക്കാരുടെ സമീപനത്തിലും മാറ്റങ്ങൾ വരുത്തി. സാമ്പത്തികമായും സാമൂഹികമായും പുരോഗമിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ രാജ്യത്ത് പ്രായമേറിയവരെ ശ്രദ്ധിക്കുന്നതും ബഹുമാനിക്കുന്നതും കുറഞ്ഞുവരികയാണ്. എന്നാൽ മുതിർന്നവരെ ശ്രദ്ധിക്കുകയും സ്നേഹിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഇളംതലമുറക്കാർ ഇന്ത്യയിലെ പരമ്പരാഗത സാമൂഹികവിഭാഗങ്ങൾക്കിടയിൽ ഇന്നുമുണ്ടെന്ന യാഥാർത്ഥ്യം ആശാവഹമാണ്.

**പ്രായമാകൽ എന്ന പ്രക്രിയ**

പ്രായമാകൽ എന്ന പ്രക്രിയ ഇന്ത്യയിലെ ജനങ്ങളെ ഏറ്റവുമധികം ബാധിച്ചത് തൊണ്ണൂറുകളിലാണെന്ന് കണക്കുകൾ പറയുന്നു. 1991ൽ ഇന്ത്യയിലെ പ്രായമേറിയവരുടെ എണ്ണം 56.7 ദശലക്ഷവും 2001ൽ 72 ദശലക്ഷവുമായിരുന്നു. 2021 ആകുമ്പോഴേക്കും നമ്മുടെ രാജ്യത്തെ പ്രായമുള്ളവരുടെ എണ്ണം 137 ദശലക്ഷമാകുമെന്നാണ് കണക്ക്. ലോകത്തിലെ പത്ത് മുതിർന്ന പൗരന്മാരിൽ ഒരാൾ ഇന്ത്യക്കാരനാണെന്നാണ് പറയപ്പെടുന്നത്. ഇന്ത്യയിലെ പ്രായമായവരിൽ 78 ശതമാനവും ഗ്രാമങ്ങളിലാണ് ജീവിക്കുന്നത്. ഇന്ന് ഇന്ത്യയിലെ ഗ്രാമങ്ങളിലും നഗരങ്ങളിലും അവശതയനുഭവിക്കുന്ന പ്രായമായവർ വർദ്ധിച്ചു വരികയാണ്. അവരിൽ പകുതിയിലധികം പേരും വിവാഹിതരാണ്. എഴുപതിനും അതിനു മുകളിലും ഉള്ള പ്രായമുള്ളവരിൽ 80% പേർ വിധവകളും 27% പേർ വിഭാര്യരുമാണ്. അവരിൽ പുരുഷന്മാരാണ് സ്ത്രീകളെ അപേക്ഷിച്ച് സാമ്പത്തികമായി മുന്നിട്ടുനിൽക്കുന്നത്. 1991ൽ 60നും അതിനു മുകളിലും ഉള്ളവരിൽ ഭൂരിഭാഗവും കാർഷിക മേഖലയിൽനിന്നുള്ളവരായിരുന്നു. സ്ത്രീകളുടെ സാമ്പത്തികസ്ഥിതി പൊതുവെ ഭർത്താക്കന്മാരെ ആശ്രയിച്ചായതിനാൽ ഏകാന്തജീവിതം നയിക്കുന്ന വിധവകളായിരിക്കും ഏറ്റവുമധികം യാതന അനുഭവിക്കുന്നവർ.

**പ്രായമേറിയവരിലെ പ്രശ്നങ്ങൾ**

നമ്മുടെ വയോധികർ അവരെ ബാധിക്കുന്ന ഒട്ടേറെ പ്രശ്നങ്ങളോട് മല്ലിട്ടാണ് ജീവിക്കുന്നത്. സാമ്പത്തികപരാധീനത, അനാരോഗ്യം, സാമൂഹിക സുരക്ഷയില്ലായ്മ, കഴിവുകളില്ലെന്ന തോന്നൽ എന്നിവയെല്ലാം അതിലുൾപ്പെടുന്നു. പ്രായം, സാമൂഹിക പദവി, ആരോഗ്യം, ജീവിതനിലവാരം എന്നിവയെ അടിസ്ഥാനമാക്കി പ്രായമുള്ളവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും വ്യത്യസ്തമായിരിക്കും. പ്രായമായവരെ പരിചരിക്കാനാവശ്യമായ സാമ്പത്തികസ്ഥിതിയില്ലായ്മയാണ് ഇന്ന് ഇന്ത്യയിലെ മിക്ക കുടുംബങ്ങളും നേരിടുന്ന പ്രധാന പ്രശ്നം. അറുപതിനും അതിനു മുകളിലും പ്രായമുള്ളവരിൽ 33% പേർ ദാരിദ്ര്യരേഖക്കു താഴെയാണെന്നു കണക്കുകൾ പറയുന്നു.

ആരോഗ്യരംഗത്തെ വളർച്ച കാരണം ആയുർദൈർഘ്യം കൂടിയ ഇക്കാലത്ത് മിക്കവരും 75 വയസ്സിന് ശേഷവും ജീവിക്കുന്നത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

കുടുംബങ്ങളിൽ പ്രശ്നങ്ങളുണ്ടാക്കുന്നു. സ്വന്തമായി വരുമാനമോ സ്വത്തോ ഇല്ലാത്തവരെയാണ് ഇത് ഏറ്റവും രൂക്ഷമായി ബാധിക്കുന്നത്. സ്ഥിരവരുമാനമില്ലാത്ത ഗ്രാമീണർക്കിടയിൽ സാമ്പത്തിക പ്രതിസന്ധി മിക്കപ്പോഴും പ്രശ്നങ്ങളുണ്ടാക്കുന്നു. പെൻഷനോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാത്ത അസംഘടിതമേഖലകളിൽ തൊഴിലെടുക്കുന്നവരാണ് ഗ്രാമീണരിൽ 90% പേരും. ഗ്രാമങ്ങളിലെ പുരുഷന്മാരിൽ അധികംപേരും കൃഷിപ്പണിയിലും മറ്റു തൊഴിലുകളിലും ഏർപ്പെട്ട് ജീവിക്കുമ്പോൾ നിരക്ഷരരും വിധവകളുമായ ഗ്രാമീണസ്ത്രീകൾക്ക് മറ്റുള്ളവരെ ആശ്രയിക്കാതെ ജീവിക്കുകയെന്നത് തികച്ചും അസാധ്യമായിരിക്കും.

**പ്രായമേറിയവർക്കുള്ള സാമ്പത്തിക സുരക്ഷാ പദ്ധതികൾ**

ഭാരതസർക്കാറിന്റെ ഏകീകൃത സാമ്പത്തിക-സുരക്ഷാനയത്തിന്റെ ഭാഗമായി സംഘടിതമേഖലയിലെയും അസംഘടിതമേഖലയിലെയും തൊഴിലാളികൾക്ക് ഇന്ന് പെൻഷനും മറ്റ് സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്. 2001ൽ മൊത്തം വരുമാനത്തിന്റെ പതിനഞ്ച് ശതമാനമാണ് വിവിധ പെൻഷനുകൾ നൽകാൻ മാത്രം സർക്കാർ ചെലവഴിച്ചത്. മുമ്പ് വെറും അഞ്ച് തൊഴിൽമേഖലകളിൽ മാത്രമായി ഒതുങ്ങിയിരുന്ന തൊഴിലാളികളുടെ പ്രോവിഡന്റ് ഫണ്ട് സമ്പ്രദായം ഇന്ന് രാജ്യത്തെ 179 തൊഴിൽ മേഖലകളിലേക്ക് വ്യാപിച്ചിട്ടുമുണ്ട്. ഇക്കാലത്തെ ഉയർന്ന വളർച്ചാനിരക്കും ആയുർദൈർഘ്യവും കണക്കിലെടുത്തുവേണം സർക്കാർ നിലയിലുള്ള പെൻഷൻ സമ്പ്രദായം പരിഷ്ക്കരിക്കാനുള്ള നീക്കങ്ങൾ നടത്തേണ്ടത്.

പാവപ്പെട്ട വൃദ്ധർക്ക് മാസത്തിൽ 75 രൂപ പെൻഷൻ നൽകാനായി കേന്ദ്രസർക്കാർ ആവിഷ്ക്കരിച്ച പദ്ധതിയാണ് "നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം". ഈ പദ്ധതിക്കുള്ള ബജറ്റ് വിഹിതം 1999-ൽ 450 കോടിയായിരുന്നത് 2002 ആയപ്പോഴേക്കും 465 കോടിയായി വർദ്ധിച്ചു. ഇന്ത്യയിലെ നിരാലംബരായ ഒട്ടേറെ സ്ത്രീകളും താഴ്ന്ന ജാതിയിൽപെട്ടവരും ഇന്ന് ഈ പെൻഷൻ പദ്ധതിയുടെ ഗുണഫലങ്ങൾ അനുഭവിക്കുന്നവരാണ്.

എല്ലാ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും അവരുടേതായ വാർദ്ധക്യ പെൻഷൻ പദ്ധതികളുണ്ട്. 49 ലക്ഷം പേർക്ക് വാർദ്ധക്യ പെൻഷൻ നൽകാൻ 227 ദശലക്ഷം രൂപയാണ് ചെലവഴിച്ചതെന്ന് 1999ലെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ മൊത്തം വരുമാനത്തിന്റെ 6% ജീവനക്കാർക്കുള്ള പെൻഷൻ നൽകാനായി നീക്കിവയ്ക്കുന്ന സർക്കാർ വാർദ്ധക്യ പെൻഷൻ പദ്ധതിക്കായി വെറും 0.6% മാത്രമാണ് ബജറ്റിൽ വകയിരുത്തുന്നുള്ളുവെന്നതാണ് യാഥാർത്ഥ്യം. പാവപ്പെട്ട വൃദ്ധർക്കായി ''അന്നപൂർണ" എന്ന പേരിലുള്ള സാമൂഹ്യസുരക്ഷ പദ്ധതിക്കും കേന്ദ്രസർക്കാർ രൂപം നൽകിയിട്ടുണ്ട്. അവർക്ക് മാസംതോറും 10 കിലോ അരിയോ ഗോതമ്പോ പൊതുവിതരണ സമ്പ്രദായത്തിലൂടെ സൗജന്യമായി നൽകുന്ന പദ്ധതിയാണിത്. 2000-2001 കാലഘട്ടത്തിൽ നൂറുകോടി രൂപയാണ് ഈ പദ്ധതിച്ചെലവിലേക്കായി ബജറ്റിൽ വകയിരുത്തിയത്.

പ്രായമേറിയവരെ ലക്ഷ്യമിട്ടുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾകൊണ്ട് മാത്രം അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ലെന്ന് മനസ്സിലാക്കിയതിനെ തുടർന്നാണ് കേന്ദ്രസർക്കാർ "ഓൾഡ് ഏജ് സോഷ്യൽ ആന്റ് ഇൻകം സെക്യൂരിറ്റി" എന്ന പദ്ധതിക്ക് രൂപം നൽകിയത്. അസംഘടിതമേഖലയിൽ തൊഴിലെടുക്കുന്ന 330 ദശലക്ഷം ചെറുപ്പക്കാരെ ഉദ്ദേശിച്ചായിരുന്നു ഈ പദ്ധതി. ജോലി ചെയ്യുന്ന കാലത്തെ നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പെൻഷൻ നൽകുന്നതാണ് ഈ പദ്ധതി. അസംഘടിതമേഖലയിലെ തൊഴിലാളികളുടെ വാർദ്ധക്യകാല ജീവിതം സുരക്ഷിതമാക്കാനുള്ള സംവിധാനങ്ങൾ ഒന്നുംതന്നെയില്ലെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞാണ് സർക്കാർ ഈ പദ്ധതിക്ക് രൂപം നൽകിയത്.

# വയോധികർക്കെതിരെയുള്ള പീഡനങ്ങൾ

"തച്ചുതകർക്കപ്പെട്ട, നശിച്ച ആത്മാവിന്റെ ഇരുണ്ട ആലയത്തിലേക്ക് കാലം തീർത്ത വിടവുകളിലൂടെ പുത്തൻ പ്രകാശത്തെ കടന്നുചെല്ലാൻ അനുവദിക്കുക" - എഡ്മണ്ട് വാലർ.

മനുഷ്യജീവിതത്തിന് ശൈശവം, ബാല്യം, കൗമാരം, യൗവ്വനം, വാർദ്ധക്യം എന്നിങ്ങനെ അഞ്ച് ഘട്ടങ്ങളാണുള്ളത്. ഓരോ ഘട്ടത്തിലും നാം നേരിടേണ്ടിവരുന്ന സാഹചര്യങ്ങളും അനുഭവിക്കേണ്ടിവരുന്ന പ്രശ്നങ്ങളും വ്യത്യസ്തമാണ്. ശാരീരിക-മാനസിക ബലക്ഷയം, സാമ്പത്തിക പ്രശ്നങ്ങൾ, അവഗണന എന്നിവയാണ് പ്രായമേറിയവരെ ബാധിക്കുന്ന പ്രധാന പ്രശ്നങ്ങൾ.

ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന ജനസംഖ്യയോടൊപ്പം പ്രായമേറിയവരുടെ എണ്ണവും വർദ്ധിക്കുകയാണെന്ന സത്യം നമുക്കറിയാം. 60 വയസ്സിനും അതിനു മുകളിലും പ്രായമുള്ള 92 ദശലക്ഷം പേരാണ് നമ്മുടെ രാജ്യത്തുള്ളത്. അവരിൽ 40% പേർ പലതരത്തിലുള്ള പീഡനങ്ങൾ അനുഭവിക്കുന്നവരാണെന്ന് കണക്കുകൾ പറയുന്നു. പ്രായമേറിയവരെ പീഡിപ്പിക്കുന്നത് തടയാനായി 2007-ൽ ഇന്ത്യ ഗവൺമെന്റ് നിയമം പാസാക്കിയെങ്കിലും അവരുടെ നില ഇന്നും പരിതാപകരമായി തുടരുകയാണ്.

പ്രായമേറിയവരുടെ വസ്തുവകകൾ വിൽക്കാൻ അവരെ നിർബന്ധിക്കുന്ന സംഭവങ്ങളാണ് ഏറ്റവും കൂടുതൽ കണ്ടുവരുന്നത്. സ്വത്തുതർക്കത്തിൽ ഭാര്യയും, മക്കളും ഒറ്റക്കെട്ടായിനിന്ന് പുരുഷന്മാരെ ഒറ്റപ്പെടുത്തുന്ന സംഭവങ്ങളും നിരവധിയുണ്ട്. വൃദ്ധസദനങ്ങളിലും മറ്റും കൊണ്ടുപോയി നടതള്ളുന്ന ഭയത്താൽ എല്ലാ പീഡനങ്ങളും മനസ്സിലൊതുക്കി കഴിഞ്ഞുകൂടുന്നവരും ഒട്ടേറെയാണ്.

പ്രായം കൂടുന്തോറും ശാരീരിക ബലക്ഷയത്തോടൊപ്പം ഓർമ്മശക്തിയും പൂർണമായും ഇല്ലാതാകുന്ന അൽഷിമേഴ്സ് പോലുള്ള രോഗങ്ങൾ വരാനുള്ള സാധ്യതയും കൂടുതലാണ്. അപ്പോൾ ചിലർക്ക് മാതാപിതാക്കളെ ഭാരമായി തോന്നുകയും അവരെ വൃദ്ധസദനങ്ങളിലേക്കും മറ്റും നടതള്ളുകയും ചെയ്യുന്നു.

പ്രായമേറിയവർക്കെതിരെയുള്ള അതിക്രമങ്ങൾ ഇന്ന് നമ്മുടെ സമൂഹം നേരിടുന്ന കടുത്ത വെല്ലുവിളിയാണ്. ശാരീരികവും മാനസികവും വൈകാരികവുമായ പീഡനങ്ങളെല്ലാം അവയിലുൾപ്പെടുന്നു. വീടുകളിൽനിന്നുമുള്ള അതിക്രമങ്ങളാണ് അവയിൽ കൂടുതലും. പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങൾക്ക് ആഗോളതലത്തിൽ ഒരു പൊതു സ്വഭാവമുണ്ടെങ്കിലും അത് വിവിധ സംസ്കാരങ്ങളിലും സമൂഹങ്ങളിലും വ്യത്യാസപ്പെടുന്നതും കാണാം. പ്രായമുള്ളവരുടെ സുസ്ഥിതിയും പദവിയും ഹനിക്കുന്ന രീതിയിൽ ചിലർ നടത്തുന്ന അധികാര ദുർവിനിയോഗമാണ് അവർക്കെതിരെയുള്ള പീഡനങ്ങൾ. പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങൾ നിരവധിയുണ്ട്.

1) അടി, ഇടി, പൊള്ളലേൽപ്പിക്കൽ, തൊഴിക്കൽ, വീട്ടുതടങ്കലിലടക്കൽ, മരുന്നു നൽകാതിരിക്കൽ, അധികമായി മരുന്നു നൽകൽ തുടങ്ങിയ ശാരീരികാതിക്രമങ്ങൾ

2) ഭയപ്പെടുത്തൽ, ഭീഷണിപ്പെടുത്തൽ, ഉച്ചത്തിൽ ആക്രോശിക്കൽ തുടങ്ങിയ മാനസിക പീഡനങ്ങൾ

3) സ്വത്ത് തട്ടിയെടുക്കൽ, പണം തട്ടിയെടുക്കൽ, പെൻഷൻ തട്ടിയെടുക്കൽ തുടങ്ങിയ സാമ്പത്തികാതിക്രമങ്ങൾ

4) സ്വന്തം ഇഷ്ടപ്രകാരമല്ലാതെ ലൈംഗിക സംഭാഷണത്തിലോ ലൈംഗിക ബന്ധത്തിലോ ഏർപ്പെടാൻ പ്രേരിപ്പിക്കൽ

5) ഭക്ഷണം, വസ്ത്രം, വീട്, ചികിത്സ എന്നിവ നിഷേധിക്കൽ

പ്രായമേറിയവർക്കെതിരെയുള്ള വിവിധ അതിക്രമങ്ങളെ തിരിച്ചറിയുന്ന നമ്മൾ അവ ഒഴിവാക്കാനുള്ള മാർഗ്ഗങ്ങളെക്കുറിച്ചും ചിന്തിക്കേണ്ടതാണ്. അതിനുള്ള ചില മാർഗ്ഗങ്ങൾ ഇവയാണ്:

**1. വിദ്യാഭ്യാസവും ബോധവൽക്കരണവും**

പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങൾ തടയാൻ വിദ്യാഭ്യാസവും ബോധവൽക്കരണവും വളരെയേറെ പ്രധാനപ്പെട്ടതാണ്. വീടുകളിലും നഴ്സിംഗ് ഹോമുകളിലും വെച്ച് നടക്കുന്ന പീഡനങ്ങൾ പുറത്തറിയിക്കാൻ പല വയോധികരും ഭയപ്പെടുന്നു. അത്തരം പീഡനങ്ങൾ പുറത്തുകൊണ്ടുവരാൻ നമ്മുടെ മാധ്യമങ്ങളും ശ്രമിക്കണം. പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങൾ തടയുന്നതിനുള്ള ചില സന്നദ്ധ സംഘടനകൾ മിക്ക നഗരങ്ങളിലും ഇന്ന് പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽവെച്ചും പരിചരണകേന്ദ്രങ്ങളിൽവെച്ചും പ്രായമുള്ളവരെ കഴിയാവുന്നത്ര സഹായിക്കുക. ആ നല്ല ആശയം സമൂഹമാകെ വ്യാപിപ്പിക്കാൻ നമുക്ക് കഴിയാവുന്നതെല്ലാം ചെയ്യുക.

**2. ഉപദേശിക്കൽ**

പ്രായമേറിയവരെ പീഡിപ്പിക്കാതിരിക്കാൻ കുടുംബാംഗങ്ങളെ ഉപദേശിക്കുക. കുടുംബാംഗങ്ങളിൽ മദ്യത്തിനും മയക്കുമരുന്നിനും അടിമകളായവർ ഉണ്ടെങ്കിൽ അവരിൽനിന്നും പ്രായമേറിയവർക്ക് കൂടുതൽ അതിക്രമങ്ങൾ നേരിടേണ്ടിവന്നേക്കും. അതിനാൽ അത്തരക്കാരെ വിശദമായ ചികിത്സക്ക് വിധേയമാക്കുക.

**3. വൃദ്ധസദനങ്ങൾ**

പീഡനങ്ങളിൽനിന്നും നമ്മുടെ വയോധികരെ രക്ഷിക്കാൻ വൃദ്ധസദനങ്ങളാണ് നല്ലതെന്ന ധാരണ വച്ചുപുലർത്തുന്നവരാണ് മിക്കവരും. പ്രായമേറിയവരുടെയും മറ്റു കുടുംബാംഗങ്ങളുടെയും അഭിപ്രായങ്ങൾ കണക്കിലെടുത്തു മാത്രമേ വൃദ്ധസദനങ്ങളെക്കുറിച്ച് നമ്മൾ ആലോചിക്കാൻ പാടുള്ളു.

പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങൾ ഗുരുതരമെങ്കിലും പരിഹരിക്കാനാകാത്ത പ്രശ്നമല്ല. നമ്മുടെ സമൂഹത്തെ മാറ്റിയെടുക്കാൻ എല്ലാവരുടെ ഭാഗത്തുനിന്നും ചെറിയ രീതിയിലുള്ള ശ്രമങ്ങൾ ഉണ്ടായാൽ മാത്രം മതി. യഥാർത്ഥത്തിൽ പ്രായമേറിയവർക്കെതിരെയുള്ള പീഡനങ്ങളെ ഒരു പ്രശ്നമായല്ല, മറിച്ച് പരിഷ്കൃത സമൂഹത്തിലെ ഒരു നാണക്കേടായാണ് നമ്മൾ കാണേണ്ടത്. വാർദ്ധക്യാവസ്ഥ ഒരിക്കൽ എല്ലാവരെയും ബാധിക്കുമെന്ന സത്യം തിരിച്ചറിഞ്ഞ് സമീപനത്തിൽ ശുഭകരമായ മാറ്റം വരുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.